നം. സി4-54/22/എസ് കെ എഫ് 	തീയതി:- 15.11.2023

## ലേലം നോട്ടീസ്

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര് | - | **തിരുവനന്തപുരം ജില്ലയിലെ കായിക വകുപ്പിന് കീഴിലുള്ള കായികഭവൻ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള കോമ്പൗണ്ടിൽ നിന്ന മരങ്ങൾ മുറിച്ച് അട്ടിയിട്ട് വച്ചിട്ടുള്ളത് ലേലം ചെയ്യുന്ന പ്രവൃത്തി.** |
| പ്രവൃത്തിയുടെ വിശദവിവരം | - | തിരുവനന്തപുരം ജില്ലയിലെ കായിക വകുപ്പിന് കീഴിലുള്ള കായികഭവൻ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള കോമ്പൗണ്ടിൽ നിന്ന മരങ്ങൾ മുറിച്ച് അട്ടിയിട്ട് വച്ചിട്ടുള്ള തടികൾ ലേലം ചെയ്യുന്ന പ്രവൃത്തി. |
| ദർഘാസ് സ്വീകരിക്കുന്ന സ്ഥലം & തീയ്യതി | - | സ്പോർട്സ് കേരള ഫൗണ്ടേഷൻ, ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം 22.11.2023 ഉച്ചയ്ക്ക് ശേഷം 12.00 മണിക്ക് |
| ഇ.എം.ഡി. | - | 1,600/- (മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ, സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേർക്ക്) ഡിമാന്റ് ഡ്രോഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്. |
| ലേലം ചെയ്യുന്ന സ്ഥലം & അവസാന തീയ്യതി | - | കായിക ഭവൻ നിർമ്മാണ സ്ഥലം, റഷ്യൻ ഹൗസിന് സമീപം (തിരുവനന്തപുരം വാൻറോസ് ജംഗ്ഷൻ) 22.11.2023 ന് ഉച്ചയ്ക്ക് 02.30 മണിക്ക് |
| പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള സമയം | - | 7 ദിവസം |

തിരുവനന്തപുരം ജില്ലയിലെ കായിക വകുപ്പിന് കീഴിലുള്ള കായികഭവൻ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള കോമ്പൗണ്ടിൽ നിന്ന മരങ്ങൾ മുറിച്ചു മാറ്റി അട്ടിയിട്ട് വച്ചിട്ടുള്ളതാണ്. മുറിച്ച് അട്ടിയിട്ട് വച്ചിട്ടുള്ളവ 22.11.2023 ന് ഉച്ചയ്ക്ക് 02.00 മണിക്ക് കായികഭവൻ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള കോമ്പൗണ്ടിൽ വച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുകയാണെന്ന് അറിയിക്കുന്നു. ആയതിന്റെ വിവരം അനുബന്ധം-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വൃക്ഷങ്ങൾ മുറിച്ച് അട്ടിയിട്ട് വച്ചിട്ടുള്ളവ നീക്കം ചെയ്യുന്നതിനുള്ള ലേലം / ദർഘാസുകൾ മുദ്രവച്ച കവറിനൊപ്പം 1,600/- രൂപ നിരതദ്രവ്യം തിരിച്ചറിയൽ കാർഡിന്റെ ഫോട്ടോ കോപ്പി എന്നിവ സഹിതം സമർപ്പിക്കേണ്ടതാണ്. ലേലം / ദർഘാസുകൾ ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും ദർഘാസിലാണോ ലേലത്തിലാണോ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് എന്ന് ടി ഓഫീസ് പരിശോധിച്ച ശേഷം സ്ഥിരപ്പെടുത്തുന്നതാണ്.

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടൻ തന്നെ അവർ അടച്ച നിരതദ്രവ്യം തിരിച്ചു നൽക്കുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേല തുക മുഴുവാനായും (നിരതദ്രവ്യം കഴിച്ച് ബാക്കി തുക) സർക്കാർ നിശ്ചയിച്ചിട്ടുള്ള ലേലതുകയുടെ 5 % വനവികസന നികുതിയും, വനവികസന-നികുതിയുടെയും ലേല തുകയുടേയും 18 % ജി.എസ് റ്റി യും ഉൾപ്പെടെ അടയ്ക്കേണ്ടതാണ്. ലേലം/ ദർഘാസ് ലഭിക്കുന്ന കരാറുകാരൻ സർക്കാർ ഖജനാവിൽ തുക ഒടുക്കി ഒറിജിനൽ ചെല്ലാൻ രസീത് ഈ ഓഫീസിലേക്ക് ഹാജരാക്കേണ്ടതാണ്.

ലേലം /ദർഘാസ് സ്ഥിരപ്പെടുത്തി ടി ഓഫീസിൽ നിന്ന് അനുമതി നൽകി കഴിഞ്ഞാൽ അടുത്ത 7 ദിവസത്തിനകം തടികള്ഢ നീക്കം ചെയ്യേണ്ടതാണ്. ടി ഓഫീസ് വൃക്ഷങ്ങൾ മുറിച്ച് അട്ടിയിട്ട് വച്ചിട്ടുള്ളവ നീക്കുന്നതിനായി അനുവദിച്ച കാലാവധി കഴിഞ്ഞ് അധികമായി കരാറുകാരൻ എടുക്കുന്ന ഓരോ ദിവസത്തിനും 200/- രൂപ വീതം ദിവസത്തിന് പിഴ ഇടാക്കുന്നതാണ്. എതെങ്കിലും കാരണത്താൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമേ അർഹതയോ ഉണ്ടായിരിക്കില്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണി വരെയുള്ള സമയങ്ങളിൽ അവ കായികഭവൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കോമ്പൗണ്ടിൽ വന്ന് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവെക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിഷിപ്തമാണ്. ലേലവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾക്കായി ഓഫീസ് മേൽ വിലാസത്തിലോ താഴെ പറയുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

1. ശ്രീ. അഞ്ചു.എ.സ്, പ്രോജക്ട് എഞ്ചിനീയർ - 8089718740
2. ശ്രീ. രമേഷ്.ആർ, പ്രോജക്ട് എഞ്ചിനീയർ - 9895835134

വൃക്ഷങ്ങൾ മുറിച്ച് അട്ടിയിട്ട് വച്ചിട്ടുള്ളവയുടെ വിവരം **അനുബന്ധം-1** ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ലേലം/ദർഘാസുകൾ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണിവരെയുള്ള സമയങ്ങളിൽ മേൽപറഞ്ഞ വൃക്ഷങ്ങൾ മുറിച്ച് അട്ടിയിട്ട് വച്ചിട്ടുള്ളവ വന്ന് പരിശോധിച്ച ശേഷം മാത്രം ലേലം / ദർഘാസുകളിൽ പങ്കെടുക്കാൻ ശ്രമിക്കണം എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. പരിശോധനയ്ക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം വെക്കേണ്ടതും ആവശ്യപ്പെടുന്നപക്ഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**ചീഫ് എഞ്ചിനീയർ**

പകർപ്പ്

1. കായിക യുവജനകാര്യാലയം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്
2. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
3. വെബ് സൈറ്റ് www.dsya.gok.gov.in
4. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
5. കായികഭവന്റെ പരിസരത്തിനുള്ളിൽ

**അനുബന്ധം-1**

| നം. | ഇനം | വ്യാപ്തം | |
|---|---|---|---|
| | | തടി ($m^3$) | വിറക് (MT) |
| 1. | മഴമരം | 6.669 | 9.105 |
| 2. | ബദാം | 1.122 | 1.007 |
| 3. | ആൽ | 4.557 | 9.416 |
| 4. | തെങ്ങ് | 6 എണ്ണം | |